**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 70** **30-06-2022 - ൽ മറുപടിയ്ക്ക്**

**സിനിമ വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീമതി ദെലീമ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സിനിമ വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ നടത്തിയ ഇടപെടലുകളെക്കുറിച്ച് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് സിനിമാ വ്യവസായത്തെ സംരക്ഷിക്കുന്നതിനായി കിഫ്ബിയുടെ ധനസഹായത്തോടെ 100 കോടി രൂപ മുതൽമുടക്കിൽ അനുയോജ്യമായ സ്ഥലങ്ങളിൽ തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി കായംകുളം, അളഗപ്പനഗർ, പയ്യന്നൂർ എന്നിവിടങ്ങളിലെ തിയേറ്റർ സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. വൈക്കം, പായം, കാക്കനാട്, പേരാമ്പ്ര, താനൂർ എന്നിവിടങ്ങളിൽ തിയേറ്ററുകൾ നിർമ്മിക്കുന്നതിന് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്.<br><br>തിരുവല്ലത്തെ ചിത്രാഞ്ജലി സ്റ്റുഡിയോ കിഫ്ബിയുടെ ധനസഹായത്തിൽ അത്യാധുനിക സൗകര്യങ്ങളോടെ പുന:നിർമ്മിക്കുന്ന പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഈ പ്രോജക്റ്റ് പൂർത്തീകരിക്കപ്പെടുമ്പോൾ സിനിമാ നിർമ്മാതാക്കൾക്ക് നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ ചിത്രങ്ങൾ നിർമ്മിക്കുവാൻ സാധിക്കും. കൂടാതെ ചിത്രാഞ്ജലി പാക്കേജിൽ നിർമ്മിക്കുന്ന ചിത്രങ്ങൾക്ക് 5 ലക്ഷം രൂപാവരെ വ്യവസ്ഥകൾക്കു വിധേയമായി സബ്സിഡിയായി ഇപ്പോൾ നൽകി വരുന്നുണ്ട്. 2019-20 ബഡ്ജറ്റിൽ വനിതാ സംവിധായകരെ പ്രോൽസാഹിപ്പിക്കുന്നതിനായി രണ്ടു ചലച്ചിത്രങ്ങളുടെ നിർമ്മാണം കെ.എസ്.എഫ്.ഡി.സി.യുടെ നേതൃത്വത്തിൽ പൂർത്തീകരിച്ച് പ്രദർശനത്തിന് തയ്യാറാക്കിയിട്ടുണ്ട്.<br><br>2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ വനിത / പട്ടികജാതി / പട്ടികവർഗ്ഗ സംവിധായകരുടെ ചലച്ചിത്രങ്ങൾ |

| | | | |
|---|---|---|---|
| | | | നിർമ്മിക്കുന്നതിനായി 1.5 കോടി രൂപ വീതം വകയിരുത്തിയിരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.<br><br>തിയേറ്റർ റിലീസിംഗിനുശേഷവും നിർമ്മാതാക്കൾക്ക് തുടർ വരുമാനം ലഭിക്കുന്നതിനായി ഡിജിറ്റൽ റിലീസിംഗിനുള്ള സാങ്കേതിക രൂപമായ ഒ.ടി.ടി. പ്ളാറ്റ് ഫോം സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സർക്കാർ ധനസഹായത്തോടെ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>കോവിഡ് കാലത്ത് ചലച്ചിത്ര വ്യവസായം നേരിട്ട രൂക്ഷമായ പ്രതിസന്ധി പരിഹരിക്കുന്നതിനായി വിവിധ ആശ്വാസ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് നിയന്ത്രിതമായ തോതിൽ ഷൂട്ടിംഗ് പുനരാരംഭിക്കാൻ അനുമതി നൽകി. കോവിഡ് വ്യാപനത്തോത് കുറഞ്ഞപ്പോൾ 50 ശതമാനം സീറ്റിംഗ് കപ്പാസിറ്റിയിൽ തിയേറ്ററുകൾ തുറന്നു പ്രവർത്തിക്കാൻ അനുമതി നൽകി. തുടർന്ന് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നൂറ് ശതമാനം സീറ്റിംഗ് കപ്പാസിറ്റിയിൽ തുറന്ന് പ്രവർത്തിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് സിനിമാ വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി ചരക്ക് സേവന നികുതി നിലവിൽ വരുന്നതിനു മുൻപ് 20% ആയിരുന്ന സിനിമാ ടിക്കറ്റിനുള്ള വിനോദ നികുതി 31.08.2019 തീയതിയിലെ സ.ഉ.(കൈ)നം..112/2019/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം 100/-രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% ആയും, 100/- രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% ആയും നിജപ്പെടുത്തിയിരുന്നു. 2021 ഏപ്രിൽ മുതൽ 2021 ഡിസംബർ വരെയുള്ള വിനോദ നികുതി ഒഴിവാക്കിയും തിയേറ്ററുകൾ അടഞ്ഞു കിടന്ന കാലത്തെ വൈദ്യുതിയുടെ ഫിക്സഡ് ചാർജിൽ 50 ശതമാനം ഇളവ് നൽകിയും ആശ്വാസ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സിനിമാരംഗത്ത് പ്രവർത്തിക്കുന്നവർക്കിടയിൽ വ്യാപകമെന്ന് പറയപ്പെടുന്ന മയക്കുമരുന്ന് ഉപയോഗം തുടങ്ങിയ ആശാസ്യമല്ലാത്ത പ്രവണതകൾ ഉന്മൂലനം ചെയ്യുന്നതിന് ഇടപെടൽ നടത്തുമോ; | (ബി) | ലഹരി ഉപയോഗിക്കാൻ സാദ്ധ്യതയുള്ള എല്ലായിടങ്ങളിലും, സിനിമാ നിർമ്മാണ സെറ്റുകൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ, ഹോട്ടലുകൾ, റിസോർട്ടുകൾ, വാഹനങ്ങൾ ഉൾപ്പെടെ പരിശോധനകൾ നടത്താറുണ്ട്. രഹസ്യനിരീക്ഷണം നടത്തിയും, രഹസ്യ വിവരങ്ങളുടെ വിശ്വാസ്യത ബോദ്ധ്യപ്പെടുന്ന മുറയ്ക്ക് പരിശോധനകൾ നടത്തിയും, ആശാസ്യമല്ലാത്ത പ്രവണതകൾ ഉൻമൂലനം |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിന് നിയമവിധേയമായി മതിയായ ഇടപെടൽ നടത്താറുണ്ട്. |
| (സി) | സിനിമാരംഗത്തെ സ്ത്രീകൾ നേരിടുന്ന ലൈംഗിക, സാമ്പത്തിക ചൂഷണങ്ങൾ അവസാനിപ്പിക്കാൻ ഏത് വിധത്തിൽ ഇടപെടാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ? | (സി) | സിനിമാരംഗത്ത് സ്ത്രീകൾ നേരിടുന്ന ലൈംഗിക, സാമ്പത്തിക ചൂഷണങ്ങൾ തടയുന്നതിനായി കെ.എസ്.എഫ്.ഡി.സി. യുടെ നേതൃത്വത്തിൽ നിർമ്മിക്കുന്ന സിനിമകൾക്ക് ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിക്കുന്നുണ്ട്.<br><br>സിനിമാ മേഖലയിലെ വനിതകൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി രൂപീകരിച്ച ഹേമ കമ്മിറ്റിയുടെ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ കൂടി അടിസ്ഥാനമാക്കി കരട് നിയമം പരിശോധനയിലാണ്.<br>ലൈംഗികാതിക്രമത്തിനെതിരായ നടപടികളും മറ്റ് ചൂഷണങ്ങൾക്കെതിരായ നടപടികളും നിർദിഷ്ട നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>സിനിമാ രംഗത്തെ സ്ത്രീകൾ നേരിടുന്ന ചൂഷണത്തെക്കുറിച്ച് പഠിക്കുന്നതിനായി നിയോഗിച്ച ജസ്റ്റിസ് ഹേമ സമിതി സർക്കാരിന് സമർപ്പിച്ച ശിപാർശകളിൻമേൽ സിനിമാ മേഖലയിലെ വിവിധ സംഘടനകളുമായി സർക്കാർ ചർച്ച നടത്തുകയും അവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. |

സെക്ഷൻ ഓഫീസർ